**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1848** **13-02-2025 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 05/11/2020 തീയതിയിലെ സ.ഉ.(എം.എസ്.)നം.214/ 2020/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുവാൻ വേണ്ടിയാണ് ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ രൂപീകൃതമായത്. ബഹു. മുഖ്യമന്ത്രിക്ക് ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ സമർപ്പിച്ച പഠന റിപ്പോർട്ടിലെ 284 ശിപാർശകളാണ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ആഭ്യന്തര വകുപ്പിൽ നിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിലേക്ക് 20.06.2023 –ൽ കൈമാറിയത്. പ്രസ്തുത ശിപാർശകളിൽത്തന്നെ ഉൾപ്പിരിവുകളും ധാരാളമുണ്ട്.<br><br>ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉൾപ്പെടെ മുപ്പത്തിയഞ്ചോളം വകുപ്പുകളിൽ നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ ശിപാർശയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ, അതാത് വകുപ്പുകൾ പരിശോധിച്ച തീരുമാനം കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും സെക്രട്ടറിമാരുടെ യോഗം വകുപ്പ് മന്ത്രി 09.01.2024 തീയതിയിലും ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിൻമേൽ നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22.08.2024 തീയതിയിലും യോഗം വിളിച്ചു ചേർക്കുകയുണ്ടായി. കൂടാതെ, ജസ്റ്റിസ് (റിട്ട.) ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും സ.ഉ.(സാധാ)നം.993/2024/ പൊ.ഭ.വ. നമ്പരായി 02.03.2024 തീയതിയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി കൃത്യമായ |

| | | | |
|---|---|---|---|
| | | | ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശുപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിയ്ക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കമ്മീഷന്റെ ശിപാർശകൾ ചർച്ച ചെയ്ത് അന്തിമരൂപമാക്കുന്നതിനായി 17.02.2025-ന് ബഹു.മുഖ്യമന്ത്രി മീറ്റിങ്ങ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകൾ ക്രോഡീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ